യുടെ പ്രവൃത്തി 1991-ൽ ആരംഭിച്ചു. 1997-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 171.2 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. ഇപ്പോൾ 12 പൊതു ടാപ്പുകളിൽക്കൂടി ജലവിതരണം നടന്നുവരുന്നു. പൈപ്പുലൈനിന്റെ ജോയിന്റിലുണ്ടായിക്കൊണ്ടിരിക്കുന്ന ലീക്കുകാരണം ഈ പദ്ധതി മുഴുവനായി കമ്മീഷൻ ചെയ്യാൻ കാലതാമസമുണ്ടാകുന്നു. ആ പൈപ്പും മാറ്റി രണ്ടു കിലോമീറ്റർ നീളത്തിൽ 20 എം.എം.എ.സി. പൈപ്പും മാറ്റി ജി.ഐ.പൈപ്പ് ഇടുന്നതിന് 34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ റീഹാബിലിറ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതോടുകൂടി ഈ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാൻ കഴിയും.

(21) കൊടകര നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : സർ, കൊടകര നിയോജകമണ്ഡലത്തിൽപ്പെട്ട തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ടെൻഡർ ഇതുവരെ വിളിച്ചിട്ടില്ല. പാലാഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് ആറുവർഷം കഴിഞ്ഞു. സ്നേഹപുരം രണ്ടാംകൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് മൂന്നു വർഷം കഴിഞ്ഞു. നന്ദിപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പണി പൂർത്തിയായിട്ട് രണ്ടുവർഷം കഴിഞ്ഞു. കോടിക്കണക്കിനു രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പദ്ധതികൾ കമ്മീഷൻ ചെയ്യാത്തതു കൊണ്ട് അവിടത്തെ കർഷകർ നിരാശരാണ്. അവർ സമരരംഗത്തിറങ്ങാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. തോട്ടുമുഖം, പീച്ചി കനാൽ, മുത്തുമല എന്നീ പദ്ധതികൾ ടെൻഡർ വിളിച്ച് പണി ആരംഭിക്കണമെന്നും മറ്റു മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി <u>(ശ്രീ. വി.പി. രാമകൃഷ്ണപിള്ള)</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ മൂന്നു പദ്ധതികളും അടിയന്തിരമായി പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതിൽ ഇലക്ട്രിക്കൽ ജോലികൾ ഒഴികെയുള്ള എല്ലാ പണികൾക്കും ടെൻഡർ ചെയ്തിട്ടുണ്ട്. വൈദ്യുതി ലഭിക്കുന്ന മുറയ്ക്ക് ഈ സാമ്പത്തികവർഷംതന്നെ ഈ മൂന്നു പദ്ധതികളും കമ്മീഷൻ ചെയ്യുന്നതാണ്. ഇലക്ട്രിസിറ്റിയുടെ പ്രശ്നമാണ് ആകെയുള്ള തടസ്സം. ഇലക്ട്രിസിറ്റി കിട്ടിക്കഴിഞ്ഞാൽ ഉടനെ കമ്മിഷൻ ചെയ്യും. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരികയാണ്. എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകും. ഉടനെതന്നെ ടെൻഡർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(22) ഷൊർണ്ണൂരിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗ് ഓഫീസ്

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, തൃത്താല പട്ടാമ്പി നിയോജകമണ്ഡലങ്ങളിലെ ആയിരക്കണക്കിന് കൃഷിക്കാർ അനുഭവിക്കുന്ന ഗുരുതരമായ പ്രയാസങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ജലസമ്പത്തുകൊണ്ട് അനുഗ്രഹീതമായ ഭാരതപ്പുഴയുടേയും തൂതപ്പുഴയുടേയും ഇരുകരകളിലുമായി നൂറുകണക്കിനു ചെറുതും

LIBRARY ARCHIVES Kerala Legislative Assembly

വലുതുമായ മൈനർ ഇറിഗേഷൻ പദ്ധതികളുണ്ട്. ആയിരക്കണക്കിന് ഏക്കർ കൃഷി ഭൂമിയിലേക്ക് ജലസേചനത്തിന് ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെയാണ് ആശ്രയിക്കുന്നത്. മോട്ടോർ പമ്പുകൾ തകരാറിലായതുകൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പലതും പ്രവർത്തിക്കുന്നില്ല. ബ്ലോക്കു പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ഈ കേടായ മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പണം അടച്ചിട്ടുണ്ട്. ചാലക്കുടി ലിഫ്റ്റ് ഇറിഗേഷൻ വിംഗാണ് റിപ്പയർ പണി ചെയ്യേണ്ടത്. അവർക്ക് വളരെ വിപുലമായ ഒരു മേഖലയുള്ളതിനാൽ കൃത്യസമയത്ത് മോട്ടോറുകളും പമ്പുകളും റിപ്പയർ ചെയ്ത് കൃഷിക്കാരുടെ ജലസേചന പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. ഇതു പരിഹരിക്കുന്നതിന് തൃത്താല, പട്ടാമ്പി മേഖലകൾ കേന്ദ്രീകരിച്ച് ഷോർണ്ണൂരിൽ പുതിയൊരു ഇലക്ട്രിക്കൽ വിംഗ് തുറന്ന് പ്രവർത്തിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, ഒറ്റപ്പാലം താലൂക്കിലെ കർഷകർ ലിഫ്റ്റ് ഇറിഗേഷനെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. അവിടെ കൂടെക്കൂടെ ഉളവാകുന്ന യന്ത്രത്തകരാറുകൾ കാരണം കൃഷിക്ക് ആവശ്യമുള്ള വെള്ളം യഥാസമയം ലഭ്യമാക്കാൻ കഴിയുന്നില്ല. പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗാണ് യന്ത്രത്തകരാറുകളുടെ കാര്യം ശ്രദ്ധിക്കേണ്ടത്. എന്നാൽ പ്രസ്തുത ഇലക്ട്രിക്കൽ വിഭാഗം സബ്ഡിവിഷന് ധാരാളം അധികാര പരിധിയുള്ളതിനാൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സബ് ഡിവിഷനിൽ ഒരു പുതിയ സബ്ഡിവിഷൻ ഓഫീസും രണ്ടു സെക്ഷൻ ഓഫീസുകളും ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിനു നിർദ്ദേശമുണ്ട്. ഈ നിർദ്ദേശം പൊതുമരാമത്തുവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി കൃഷിക്ക് ദോഷം സംഭവിക്കാത്ത വിധത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(23) കിടങ്ങൂർ-കാവാലിപ്പുഴ, കല്ലറ-മുണ്ടാർ പദ്ധതികൾ

ശ്രീ. മോൻസ് ജോസഫ് : സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ കാവാലിപ്പുഴ പദ്ധതി വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഈ പദ്ധതി പുനരാരംഭിക്കുന്നതിനുവേണ്ടി പുതുക്കി നിശ്ചയിച്ച ഒരു എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇവിടത്തെ കിണറിന്റെ പണിയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികളുംകൂടി പൂർത്തിയാക്കുകയാണെങ്കിൽ ഈ പദ്ധതി ചുരുങ്ങിയ സമയംകൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയും. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട മുണ്ടാർ എന്ന അംബേദ്കർ ഗ്രാമത്തിലെ ആളുകൾക്ക് ചെളിവെള്ളമാണ് കുടിക്കാൻ കിട്ടുന്നത്. മുണ്ടാർ ഗ്രാമത്തിനുവേണ്ടി ഒരു കുടിവെള്ള പദ്ധതി ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ ആവിഷ്കരിക്കുകയുണ്ടായി. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ ഗുരുതരമായ അനാസ്ഥ കാണിച്ചിരിക്കുകയാണ്. ഈ പദ്ധതി നടപ്പാക്കാൻ നടപടിയുണ്ടാകണം. കിടങ്ങൂർ കാവാലിപ്പുഴ പദ്ധതിയും കടുത്തുരുത്തി-വൈക്കം മണ്ഡലങ്ങളിൽ തുടങ്ങിവച്ച പദ്ധതികളും ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. മന്ത്രിതലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി തുടർ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly